പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം: 106 — 26.09.2011 ൽ മറുപടിയ്ക്ക്

## ലാവ്‌ലിൻ കേസ് കുറ്റപത്രം നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ.<br>ശ്രീ. പി. സി. വിഷ്ണുനാഥ്.<br>ശ്രീ. അൻവർ സാദത്ത്.<br>ശ്രീ. ലൂഡി ലൂയിസ്. | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.<br>റവന്യൂവും വിജിലൻസും വകുപ്പു മന്ത്രി. | |
| (എ) | ലാവ്‌ലിൻ കേസ്സ് സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 12/06/2009-ൽ കുറ്റപത്രം വിചാരണ കോടതിയിൽ ഫയൽ ചെയ്യുകയും എല്ലാ പ്രതികൾക്കും സമൻസ് അയക്കുകയും ചെയ്തിട്ടുണ്ട്. 6-ാം പ്രതി ശ്രീ. ക്ലൗസ് ട്രെൻഡലും 9-ാം പ്രതി M/s എസ് എൻ സി ലാവ്‌ലിൻ കമ്പനിയും ഇതുവരെയും കോടതിയിൽ ഹാജരായിട്ടില്ല. ഇന്ത്യയിലേക്ക് Extradict ചെയ്യുന്നതിനുവേണ്ടി 6-ാം പ്രതി ശ്രീ. ക്ലൗസ് ട്രെൻഡലിനെതിരെ ജാമ്യമില്ലാ വാറന്റ് പുറപ്പെടുവിക്കുകയും 9-ാം പ്രതി M/s എസ് എൻ സി ലാവ്‌ലിൻ കമ്പനിക്കെതിരെ പുതിയ സമൻസ് അയക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേസ്സ് സംബന്ധിച്ച് കുറ്റപത്രം നൽകിയിട്ടുണ്ടോ;<br>ഇല്ലെങ്കിൽ കാരണമെന്ത്; | (ബി) | ഉണ്ട്. |
| (സി) | കുറ്റപത്രം നൽകാൻ ഉടൻ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.